FRIDAY 12/12/2025 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/12/2025

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള അമ്പലവയലിലെ റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ (ആർഎആർഎസ്) 2026 ജനുവരി 1 മുതൽ 15 വരെ നടക്കുന്ന വാർഷിക **അന്താരാഷ്ട്ര പുഷ്പമേളയായ പൂപ്പൊലി 2026** സംഘടിപ്പിക്കുന്നു. കാർഷിക മേഖലയിലെ പുഷ്പ സൗന്ദര്യത്തിന്റെയും സാങ്കേതിക പുരോഗതിയുടെയും പ്രദർശനമായ ഈ പരിപാടിയിൽ കാർഷിക യന്ത്രങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, നൂതന പരിഹാരങ്ങൾ, കാർഷിക രീതികളിലെ പുരോഗതി എന്നിവയുൾപ്പെടെ കാർഷിക സംബന്ധിയായ ഉൽപ്പന്നങ്ങളുടെയും സാങ്കേതികവിദ്യകളുടെയും വിപുലമായ ശ്രേണി അവതരിപ്പിക്കുന്നു.

2. ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന കേരളകർഷകൻ മാസികയിലേക്ക് ഇപ്പോൾ വരിക്കാരാകാവുന്നതാണ്. വരിക്കാർ ആകുന്നതിനായി അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുകയോ subscription.fibkerala.gov.in എന്ന പോർട്ടൽ സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്. ഒരു വർഷത്തേക്കുള്ള കേരള

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

കർഷകൻ വരിസംഖ്യ 200 രൂപയാണ്. വരിസംഖ്യയുമായി ബന്ധപ്പെട്ട സംശയങ്ങൾക്കായി 8078095860 എന്ന നമ്പറിലോ editorkkfib@gmail.com എന്ന ഈ-മെയിൽ ഐഡിയിലോ ബന്ധപ്പെടാവുന്നതാണ്.

3. കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ റാബി 2 സീസൺ (2024-25) കർഷകർക്ക് ഡിസംബർ 31 വരെ ചേരാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: www.pmfby.gov.in സന്ദർശിക്കുക അല്ലെങ്കിൽ അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

## പരിശീലന പരിപാടി

4. തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ICAR – ആര്യ പദ്ധതിയുടെ ഭാഗമായി പഴം, പച്ചക്കറി സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കാൻ താൽപര്യപ്പെടുന്ന 45 വയസിൽ താഴെയുള്ളവർക്കായി **"പഴം, പച്ചക്കറി സംസ്കരണ മേഖലയിലെ സംരംഭകത്വ വികസനവും സാധ്യതകളും"** എന്ന വിഷയത്തിൽ 7-ദിവസം നീളുന്ന (പഠനയാത്ര ഉൾപ്പെടെ) സൗജന്യ പരിശീലന ക്ലാസ് മലപ്പുറം ജില്ലയിലെ തവനൂർ, കൃഷി വിജ്ഞാന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കേന്ദ്രത്തിൽ രാവിലെ 10 AM മുതൽ 4.00 PM വരെ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 12.12.2025 നു വൈകിട്ട് 4.00 മണിക്ക് മുൻപായി **8547193685** എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന സംരംഭം തുടങ്ങാൻ താൽപ്പര്യമുള്ള 40 പേർക്കാണു അവസരം ലഭിക്കുക. മലപ്പുറം ജില്ലക്കാർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. മുൻപ് ഈ പരിശീലനങ്ങളിൽ പങ്കെടുത്തവരെ പരിഗണിക്കുന്നതല്ല .

5. മണ്ണുത്തിയിലെ ഗോട്ട് & ഷീപ്പ് ഫാമിൽ വെച്ച് ആടുവളർത്തൽ ശാസ്ത്രീയമായും നൂതനസാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയും എങ്ങനെ ലാഭകരമായി ചെയ്യാം? എന്ന വിഷയത്തിൽ ഏകദിന പരിശീലനം ഡിസംബർ 20 ന് സംഘടിപ്പിച്ചിരിക്കുന്നു. രജിസ്റ്റർ ചെയ്യാനായി വിളിക്കേണ്ട നമ്പർ :9447796219, 0487 2961100.

6. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഡിസംബർ മാസം 15, 16 തീയതികളിൽ **"സുരക്ഷിതമായ പാൽ ഉൽപ്പാദനം"** എന്ന വിഷയത്തിൽ ക്ഷീര

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കർഷകർക്കായി പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 2025 ഡിസംബർ 12-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം.പി.ഒ., തിരുവനന്തപുരം -695004 Email ID:principaidtctvm@gmail.com

7. വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം **"കേരളത്തിനുതകുന്ന കൃത്യത കൃഷിരീതികളും സാങ്കേതികവിദ്യകളും"** എന്ന വിഷയത്തിൽ അഞ്ചു ദിവസത്തെ പരിശീലനം നടത്തുന്നു. വിവിധ കൃത്യത കൃഷി രീതികൾ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഘടകങ്ങൾ, സാമഗ്രികൾ, കൃത്യത കൃഷിയിലെ സസ്യപോഷണ രീതികൾ, കീടരോഗ നിയന്ത്രണം, സംരംഭകത്വ വികസനം എന്നീ വിഷയങ്ങളിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. 2025 ഡിസംബർ മാസം 15 മുതൽ 19 വരെ ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെയാണ് പരിശീലനം. കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രത്തിൽ വെച്ച് നടക്കുന്ന പരിശീലന ക്ലാസ്സുകളിൽ നേരിട്ടോ ഓൺലൈനായോ പങ്കെടുക്കാം. 1000 രൂപയാണ് പരിശീലന ഫീസ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 2025 ഡിസംബർ 12ആണ് .പങ്കെടുക്കുവാൻആഗ്രഹിക്കുന്നവർക്ക് https ://forms.gle/YVbixRHzTKdncj8N6 എന്ന ലിങ്ക് ഉപയോഗിച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 8547837256 എന്ന നമ്പറിലും celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും ബന്ധപ്പെടാവുന്നതാണ്.

8. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ എഞ്ചിനീയറിങ് &പ്രോസസ്സിങ് ഡിവിഷനിൽ എൻജിനീയറിങ് സൂപ്പർവൈസർ (സിവിൽ) -നെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉദ്യോഗാർത്ഥികൾ അംഗീകൃത സർവ്വകലാശാല/ബോർഡിൽ നിന്ന് ഫസ്റ്റ്ക്ലാസ് മാർക്കോടെ സിവിൽ എൻജിനീയറിങ്ങിൽ ഡിപ്ലോമ/ തത്തുല്യയോഗ്യതയും ഡിപ്ലോമ എടുത്തതിനു ശേഷം സിവിൽ കൺസ്ട്രക്ഷൻ, എസ്റ്റിമേഷൻ എന്നീ മേഖലകളിൽ ഒരു വർഷത്തെ പ്രവൃത്തിപരിചയവും ഉള്ളവരായിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി ഒന്നിന് 30 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത, പ്രവൃത്തിപരിചയം, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സഹിതം നിശ്ചിത ഫോറത്തിൽ 2025 ഡിസംബർ 18-ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് മുമ്പ് ജോയിന്റ് ഡയറക്ടർ (ഇ&പി), എഞ്ചിനീയറിങ് & പ്രോസസ്സിങ് ഡിവിഷൻ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി. ഒ. കോട്ടയം -686009 എന്ന വിലാസത്തിൽ ലഭിക്കത്തക്കവിധം അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ 0481-2353311

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

(എക്സ്റ്റൻഷൻ– 236) എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം